LIBRARY ARCHIVES Kerala Legislative Assembly

മുതലമട ഗ്രാമപഞ്ചായത്തിലെ കടിവെള്ള ക്ഷാമം

157 (849) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രശ്നത്തിന് ചുള്ളിയാർ ഡാം ജലസ്രോതസ്സാക്കി കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ചുള്ളിയാർ ഡാം ജലസ്രോതസ്സായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതിയുടെ സർവ്വേ നടത്തിയിട്ടുണ്ടോ ; എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ചുള്ളിയാർ ഡാം സ്രോതസ്സാക്കി മുതലമട, കൊല്ലംകോട്, എലവഞ്ചേരി, വടവന്നൂർ, പല്ലശന എന്നീ പഞ്ചായത്തുകൾക്കായി നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിനായുള്ള പദ്ധതി രൂപകല്പന ചെയ്തുവരുന്നു.

(സി) ടി പദ്ധതിയുടെ സർവ്വേ നടത്താനും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാനും നടപടി സ്വീകരിച്ചുവരുന്നു.

വൈക്കം നിയോജകമണ്ഡലത്തിലെ കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജോലികൾ

158 (850) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് എന്തെല്ലാം ജോലികളാണ് വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ഇതിൽ ഏതൊക്കെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;